ശ്രീ. ആർ. ശങ്കർ: അദ്ധ്യാപകരെ നിയമിച്ചിരിക്കണം എന്നുള്ളതു സ്കൂൾ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളിൽ ഒന്നാണു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: വരുന്ന വർഷം എത്ര ഇംഗ്ലീഷ് മീഡിയം സ്കൂൾ അനുവദിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടു്?

ശ്രീ. ആർ. ശങ്കർ: അതിനെപ്പറ്റി ആലോചിച്ചിട്ടില്ല. ഡിമാൻറുകൂടുതലായി ഉണ്ടെങ്കിൽ കൂടുതൽ കൊടുക്കുന്നതിനു വിഷമമില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഒരു താലൂക്കിൽ നാലു ഇംഗ്ലീഷ് മീഡിയം സ്കൂൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നു പറഞ്ഞു. അങ്ങനെ കൊടുക്കുമ്പോൾ ഇതുവരെ യാതൊരു ഇംഗ്ലീഷ് മീഡിയം സ്കൂളും ഇല്ലാത്തതായ താലൂക്കുകൾക്കു മുൻഗണന കൊടുക്കുന്ന കാര്യത്തെപ്പറ്റി ചിന്തിക്കുമോ?

ശ്രീ. ആർ. ശങ്കർ: നിശ്ചയമായും പരിഗണിക്കാവുന്നതാണു്.

ശ്രീ. കെ. ഹസ്സൻ ഗനി: മലബാറിൽ മദ്രാസ് ഗവണ്മെൻറിൻെറ കീഴിൽ നടത്തിക്കൊണ്ടിരുന്ന എതാനും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ഇപ്പോഴും അവിടത്തെ സിലബസ് അനുസരിച്ചു് പാഠങ്ങൾ പഠിപ്പിക്കുകയും ആ രീതിയിൽ പരീക്ഷ നടത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണു്. അഞ്ചു ഇംഗ്ലീഷ് മീഡിയം സ്കൂളുകളുണ്ടു്. ഈ സ്കൂളുകൾ ഈ സ്റ്റേറ്റിൻെറ കീഴിൽ കൊണ്ടുവരുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ ആലോചിച്ചു നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്.

ശ്രീമതി കുസുമം: ഈ നാലു സ്കൂളുകൾ എന്നു പറഞ്ഞതു് കറക്ടഗ്-നൈസ്-ഡു സ്കൂളുകൾ ഉൾപ്പെടെയാണോ?

ശ്രീ. ആർ. ശങ്കർ: അതെ.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇവിടെ ഒരു പബ്ലിക് സ്കൂൾ പ്രവർത്തിക്കുന്നതാണെന്നു പ്രഖ്യാപിച്ചിരുന്നു. അതു ഉപേക്ഷിച്ചു കളഞ്ഞുവോ?

ശ്രീ. ആർ. ശങ്കർ: തത്വം ഉപേക്ഷിച്ചിട്ടില്ല. പബ്ലിക് സ്കൂളിനുവേണ്ടി അക്വയർ ചെയ്ത സ്ഥലം മറ്റൊരു ആവശ്യത്തിലേയ്ക്കു ഉപയോഗിക്കേണ്ടിവന്നു.

ശ്രീ. എം. നാരായണക്കുറുപ്പ്: തത്വത്തിൽ സ്വീകരിച്ചു എന്നു പറഞ്ഞാൽ പ്രായോഗികമായി വരാതിരിക്കുക എന്നാണോ മന്ത്രിയുടെ മറുപടിയിൽനിന്നും മനസിലാക്കേണ്ടതു്?

ശ്രീ. ആർ. ശങ്കർ: അല്ല. അന്നു നീക്കിവച്ചിരുന്ന സ്ഥലം വേറൊരു ഉപയോഗത്തിനുവേണ്ടി കൊടുത്തുപോയി. പബ്ലിക് സ്കൂൾ സ്ഥാപിക്കുവാൻ മറ്റു ഏതെങ്കിലും സ്ഥലം ഉണ്ടോ എന്നന്വേഷിക്കുകയാണു്.

സെയിൽസ്ടാക്സ് ചെക്കിംഗ് പോസ്റ്റുകൾ.

* 831. [24] ശ്രീ. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ എവിടെയെല്ലാം സെയിൽസ്ടാക്സ് ചെക്കിംഗ് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ടു്;

(ബി) വാടകകെട്ടിടങ്ങളിൽ നടത്തുന്നവ ഏതെല്ലാം;

(സി) ആലത്തൂർ താലൂക്കിൽ വടക്കാഞ്ചേരിയിലുള്ള ചെക്കിംഗ് പോസ്റ്റ് വാടകക്കെട്ടിടത്തിലാണോ നടത്തുന്നതു്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത കെട്ടിടം ജീർണ്ണിച്ചു തുടങ്ങിയതു് റിപ്പയർ ചെയ്യാൻ വേണ്ടി ഒഴിഞ്ഞുകിട്ടണമെന്നു് കെട്ടിടമുടമസ്ഥൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടു് എത്രമാസമായി;

(ഇ) ഒഴിഞ്ഞുകൊടുക്കാതിരിക്കാൻ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) അമരവിള, ആര്യൻകാവു്, കുമിളി, ചിന്നാർ, ബോഡിമെട്ടു്, വേലന്താവളം, നടപ്പണ്ണി, മീനാക്ഷിപുരം, ഗോവിന്ദപുരം, (മൂവലക്കാപ്പുത്തൂർ) ഗോപാലപുരം, കഞ്ചിക്കോടു്, കാട്ടിക്കുളം, വട്ടവഞ്ചാൽ, വഴിക്കടവു്, കൂട്ടപ്പുഴ, സുൽത്താൻബത്തേരി, പെരളം, അധൂർ എന്നിവിടങ്ങളിൽ ബോർഡർ ചെക്കുപോസ്റ്റുകളും, അത്തൂർ തേവര (പെരുമാന്തൂർ) പൊൻകുന്നം, മംഗലം (വടക്കാഞ്ചേരി) ഫെറുകളും എന്നിവിടങ്ങളിൽ ഇന്റേറണൽ ചെക്കുപോസ്റ്റുകളും സ്ഥാപിച്ചിട്ടുണ്ടു്.

(ബി) അമരവിള, നടപ്പണ്ണി, ഗോവിന്ദപുരം (മൂവലക്കപ്പുത്തൂർ) കഞ്ചിക്കോടു്, വട്ടവഞ്ചാൽ, വഴിക്കടവു്, കൂട്ടപ്പുഴ, സുൽത്താൻബത്തേരി, പെരളം, അധൂർ, മംഗല (വടക്കാഞ്ചേരി) ഫെറുകളും.

(സി) അതേ.

(ഡി) 1964 ജനുവരിമാസത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടു്.

(ഇ) ഈ കാര്യം റവന്യൂ ബോർഡിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

WRITTEN ANSWERS

പഞ്ചായത്തുകൾക്കു് കെട്ടിട നിർമ്മാണത്തിനു് ഗ്രാന്റു്

* 832. [28] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടങ്ങളില്ലാത്ത പഞ്ചായത്തുകൾക്കു് കെട്ടിട നിർമ്മാണത്തിനു് ഗ്രാന്റും ലോണുമായി സഹായം നൽകുന്ന പദ്ധതി നടപ്പിൽ വന്നുകഴിഞ്ഞോ;

(ബി) എന്തു തത്വത്തിന്റെ അടിസ്ഥാനത്തിലാണു് മേൽ സഹായങ്ങൾ നൽകുന്നതു്;

(സി) ഓരോ പഞ്ചായത്തിനും ലോണും ഗ്രാന്റും തുകകൾ കൊടുക്കുവാൻ തീർച്ചപ്പെടുത്തിയ ഏറ്റവും കുറഞ്ഞതും ഏറ്റവും അധികവുമായ സംഖ്യ എത്ര;

(ഡി) ലോൺ എത്രകൊല്ലംകൊണ്ടു് ഏതു പലിശനിരക്കിലാണു് റീഫണ്ടു് ചെയ്യേണ്ടതു്;

(ഇ) ഇതിനെ സംബന്ധിച്ചു് വല്ല വ്യവസ്ഥകളും ഉണ്ടെങ്കിൽ മേശപ്പുറത്തു് വയ്ക്കുവാൻ ദയവുണ്ടാകുമോ;

(എഫു്) 29-2-1964 വരെ എത്ര പഞ്ചായത്തുകൾക്കു് എത്ര സംഖ്യ വീതം ലോണായും ഗ്രാന്റായും കൊടുത്തിട്ടുണ്ടു്;

(ജി) അതിന്റെ ഒരു പട്ടിക മേശപ്പുറത്തു് വയ്ക്കുവാൻ ദയവുണ്ടാകുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) സ്വന്തമായി കെട്ടിടങ്ങളില്ലാത്ത പഞ്ചായത്തുകൾക്കു് കെട്ടിട നിർമ്മാണത്തിനു് ഗ്രാന്റും ലോണുമായി സഹായം നൽകുന്ന പദ്ധതി ഇപ്പോഴും തന്നെ നിലവിലുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly